LIBRARY ARCHIVES Kerala Legislative Assembly

ആലപ്പുഴ ജില്ലയിലെ വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവൃത്തികൾ

130 (5212) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി ആലപ്പുഴ ജില്ലയിൽ 2011-12, 2012-13,2013-14, 2014-15 സാമ്പത്തിക വർഷങ്ങളിൽ അനുവദിച്ച പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) ഇവയിൽ പൂർത്തീകരിച്ച പ്രവൃത്തികൾ എന്തൊക്കെയെന്നും പൂർത്തീകരിക്കാനുള്ളവ ഏതൊക്കെയെന്നും വിശദമാക്കുമോ ;

(സി) നിർത്തിവച്ച പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കുമോ ;

(ഡി) പ്രവൃത്തികൾ നിർത്തിവെക്കാനിടയായ സാഹചര്യങ്ങൾ വിശദമാക്കുമോ ;

(ഇ) പ്രസ്തുത പ്രവൃത്തികൾ അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ; സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) കാലവർഷക്കെടുതിമൂലം ഗതാഗത യോഗ്യമല്ലാതായിത്തീർന്ന റോഡുകളുടെ അടിയന്തര പുനരുദ്ധാരണം നടത്തുന്നതിനുള്ള മാനദണ്ഡങ്ങൾ 13-ാം ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്തപ്രകാരമായിരുന്നു നിലവിലുണ്ടായിരുന്നത്. പതിമൂന്നാം ധനകാര്യ കമ്മീഷന്റെ കാലാവധി 31-3-2015-ന് അവസാനിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത ഫണ്ട് ഉപയോഗിച്ച് പുതിയ പ്രവൃത്തികൾ നടപ്പിൽ വരുത്തുവാൻ കഴിയാത്തതിനാൽ 2015 മാർച്ച് 31-ന് മുമ്പായി പൂർത്തീകരിക്കാനാവാത്ത പ്രവൃത്തികൾ തുടരേണ്ടതില്ലെന്ന് നിർദ്ദേശം നൽകിയിരുന്നു.

(ഇ) 31-3-2015-ന് മുമ്പ് ആരംഭിച്ച പ്രവൃത്തികൾക്ക് ഭരണാനുമതി ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള സമയപരിധിവരെ പൂർത്തീകരണ കാലാവധി 3-6-2015-ലെ 5054/കെ1/15/ഡി.എം.ഡി. നമ്പർ കത്തുപ്രകാരം പുനഃസ്ഥാപിച്ച് നൽകിയിട്ടുണ്ട്.

ശ്രീമതി ലക്ഷ്മി അമ്മയ്ക്ക് ഫാമിലിപെൻഷൻ ലഭ്യമാക്കാൻ നടപടി

131 (5214) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കന്നത്തുനാട് താലൂക്കിൽ പുണ്ണായി ജോലി ചെയ്തിരുന്ന ജ്യോതിയുടെ മരണാനന്തരം ഫാമിലി പെൻഷൻ ലഭിക്കുന്നതിനായി ടിയാളുടെ മാതാവ് പുളിയനം എളംമ്പിള്ളി വീട്ടിൽ ശ്രീമതി ലക്ഷ്മി അമ്മ എന്നാണ് അപേക്ഷ സമർപ്പിച്ചിരുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത അപേക്ഷ അനുവദിക്കുന്നതിലെ കാലതാമസത്തിന് കാരണം വിശദമാക്കാമോ ;

(സി) ആയത് എന്നത്തേയ്ക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഫാമിലി പെൻഷൻ ലഭിക്കുന്നതിനുവേണ്ടി ശ്രീമതി ലക്ഷ്മി അമ്മ സമർപ്പിച്ച അപേക്ഷ 21-7-2015-ൽ സർക്കാരിൽ ലഭിച്ചിട്ടുണ്ട്.

(ബി&സി) ശ്രീമതി ലക്ഷ്മി അമ്മയ്ക്ക് ഫാമിലി പെൻഷൻ അനുവദിക്കുന്നത് സംബന്ധിച്ച് 30-12-2014-ൽ ലാന്റ് റവന്യൂ കമ്മീഷണർ സമർപ്പിച്ച പ്രൊപ്പോസലിൽ അപേക്ഷ ലഭ്യമാക്കിയിരുന്നില്ല. ശ്രീമതി ലക്ഷ്മി അമ്മ 11-6-2015-ൽ സമർപ്പിച്ച അപേക്ഷ 21-7-2015-ൽ ലാന്റ് റവന്യൂ കമ്മീഷണർ സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്. കുടുംബവരുമാനം സംബന്ധിച്ച് അപേക്ഷയിൽ പിശകുകളുണ്ട്. അപേക്ഷ പരിശോധിച്ചുവരുന്നു.

സ്വകാര്യ ചുങ്കം പിരിവ്

132 (5215) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ജനങ്ങളുടെ സഞ്ചാര സ്വാതന്ത്ര്യം തടസ്സപ്പെടുത്തി വ്യക്തികളോ സ്ഥാപനങ്ങളോ സ്വകാര്യമായി ചുങ്കം പിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പതിറ്റാണ്ടുകളായി ജനങ്ങൾ ഉപയോഗിച്ചുവരുന്ന ഇത്തരം പാതകളിൽ ജനങ്ങൾക്കു സ്വാതന്ത്ര്യം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ;

(സി) വളരെ പിന്നോക്കാവസ്ഥയിലുള്ള പ്രദേശത്തെ ജനങ്ങളുടെ ആശുപത്രി ആവശ്യങ്ങളടക്കമുള്ള യാത്രകളെ മുടക്കുന്ന ഇത്തരം സ്വകാര്യപ്പിരിവ് ജനങ്ങളുടെ ജീവൻ ഹനിച്ചിട്ടുള്ള കാര്യം അറിവുള്ളതാണോ ?

ഉത്തരം

(എ) ഇടുക്കി ജില്ലയിൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മറ്റു ജില്ലകളിലൊന്നുംതന്നെ ജനങ്ങളുടെ സഞ്ചാര സ്വാതന്ത്ര്യം തടസ്സപ്പെടുത്തി വ്യക്തികളോ, സ്ഥാപനങ്ങളോ സ്വകാര്യമായി ചുങ്കം പിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly